# ഗർഭാശയഗള കാൻസർ: സുലേഖയിൽ സൗജന്യ രോഗനിർണയം

ദുബായ്: സുലേഖ ആസ്പത്രിയിൽ ഗർഭാശയഗള കാൻസർ പരിശോധനക്കും ബോധവത്ക്കരണ കാമ്പയിനും തുടക്കമായി. ദുബായ് ഹെൽത്ത് അതോറിറ്റി (ഡി.എച്ച്.എ.) ഡയറക്ടർ ജനറൽ ഹുമൈദ് അൽ ഖതമി ഉദ്ഘാടനം ചെയ്തു. 'സ്മിയർ ഡോണ്ട് ഫിയർ' എന്ന പേരിലുള്ള കാമ്പയിനിൽ വിദഗ്ധ ഡോക്ടർമാർക്ക് കീഴിലുള്ള പരിശോധനയും രോഗനിർണയത്തിനുള്ള പാപ്സ്മിയർ പരിശോധനയും സൗജന്യമാണ്.സുലേഖയുടെ ഷാർജ, ദുബായ് ആസ്പത്രികളിൽ ജൂൺ 30 വരെ കാമ്പയിനും സൗജന്യ പരിശോധനയും തുടരും.